# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 175 13/07/2016 ൽ മറുപടിയ്ക്ക്**

**ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി**

ചോദ്യം | ഉത്തരം

ശ്രീ. എ. എൻ. ഷംസീർ
ശ്രീ. എസ്. ശർമ്മ
ശ്രീ. പി. വി. അൻവർ
പ്രൊഫ. കെ. യു. അരുണൻ

ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ സർക്കാർ ഓഫീസുകളിൽ നിരവധി ഫയലുകൾ തീരുമാനമെടുക്കാതെ ദീർഘകാലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)& (ബി) | ഉണ്ട്. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് യഥാസമയം വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കാമോ; | | |
| (സി) | അധികാര വികേന്ദ്രീകരണം ഫലപ്രദമാകാത്തതാണോ ഫയൽ ബാഹുല്യത്തിന് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഇക്കാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടില്ല. |
| (ഡി) | സർക്കാർ സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കാനായി ഏതു തരത്തിലുള്ള ഭരണപരിഷ്കാരമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | പൊതുജനങ്ങൾക്ക് സർക്കാർ സേവനം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഇതിനായി സംസ്ഥാനത്ത് ഒരു ഭരണപരിഷ്കാര സമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്. ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>ഓഫീസ് നടപടി ക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്തുകൊണ്ട് ഓഫീസുകളെ ലെസ്സ് പേപ്പർ ഓഫീസായി |

| | | | | |
|---|---|---|---|---|
| | | | | രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേക്കും 14 ജില്ലാ കളക്ടറേറ്റുകളിലേക്കും 21 സബ് കളക്ടറേറ്റുകളിലേക്കും 75 താലൂക്ക് ഓഫീസുകളിലേക്കും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലേക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റ് വകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ, ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. ഇ-ഗവേണൻസ് സംവിധാനം, ഇ-ടെണ്ടർ സംവിധാനം, പൗരാവകാശ രേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ബയോമെട്രിക് പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ ഉപയുക്തമാകും. |

സെക്ഷൻ ഓഫീസർ